മാതൃഭൂമി

Oct 2 2016

# മത്സ്യോത്പാദനം കൂട്ടാൻ സി.എം.എഫ്.ആർ.ഐ. പദ്ധതി

## 42 കോടി വകയിരുത്തി

**കൊച്ചി:** കടലിൽ മത്സ്യോത്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). ഇതിനായി സമുദ്രകൃഷി ജനകീയമാക്കാനാണ് പദ്ധതി. മീനുകൾ കുറഞ്ഞതിന്റെ പ്രതിസന്ധി മറികടക്കാൻ പദ്ധതി ഉപകരിക്കും. സമുദ്ര കൂടുകൃഷി, കർഷക സൗഹൃദ വിത്തുത്പാദന കേന്ദ്രങ്ങളുടെ വികസനം, വാണിജ്യ പ്രധാന മീനുകളുടെ വിത്തുത്പാദനം തുടങ്ങിയവയിലൂടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സമുദ്രകൃഷി ജനകീയമാക്കും.

സി.എം.എഫ്.ആർ.ഐ. നേതൃത്വം നൽകുന്ന ഓൾ ഇന്ത്യ നെറ്റ്‌വർക്ക് പ്രോജക്ടിന്റെ അവലോകന യോഗത്തിലാണ് അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതിക്ക് രൂപം നൽകിയത്. 42 കോടി രൂപയാണ് ദേശീയ കാർഷിക ഗവേഷണ കൗൺസിലിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.



കൂട് മത്സ്യകൃഷി

മോത, കാളാഞ്ചി, വളവോടി എന്നിവയ്ക്ക് പുറമെ, മറ്റ് പുതിയ മത്സ്യങ്ങളുടെ കൂടി വിത്തുത്പാദന സാങ്കേതിക വിദ്യകൾ സി.എം.എഫ്.ആർ.ഐ. വികസിപ്പിക്കും. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സമുദ്ര കൂടുകൃഷി വ്യാപിപ്പിക്കും. സമുദ്രകൃഷി ഗവേഷണത്തിന് മാത്രമായി മികവിന്റെ കേന്ദ്രവും സ്ഥാപിക്കും. മത്സ്യ കൂടുകൃഷി ജനകീയമാക്കുന്നതിന് ഓരോ പ്രദേശങ്ങൾക്കും പറ്റിയ മീനുകളെ കണ്ടെത്താൻ സർവേ നടത്തും.

കൂടുതൽ പേരെ മേഖലയിലേക്ക് ആകർഷിക്കുന്നതിന് സാങ്കേതിക വിദ്യകൾ സി.എം.എഫ്.ആർ.ഐ. വികസിപ്പിക്കുമെന്ന് അവലോകന യോഗം ഉദ്ഘാടനം ചെയ്ത ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

ഐ.സി.എ.ആർ. എമിററ്റസ് സയന്റിസ്റ്റ് ഡോ. ജി. ഗോപകുമാർ ചർച്ച നിയന്ത്രിച്ചു. പദ്ധതിയുടെ കോ-കോർഡിനേറ്റർ ഡോ. എ.കെ. അബ്ദുൽ നാസർ, സി.എം.എഫ്.ആർ.ഐ.യിലെ സമുദ്രകൃഷി വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു.